കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മണക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-961/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 02/11/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-961/2023 തീയ്യതി: 02/11/2023

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-05-2023 മുതൽ 20-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ അനിൽ മാത്യു ഐപ്പ്	ഡെപ്യൂട്ടി ഡയറക്ടർ	21-08-2023	26-08-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-08-2023	22-08-2023
24-08-2023	26-08-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റ്റി. എസ്. ധനജയൻ, ഓഡിറ്റ് ഓഫിസർ
ശ്രീ. ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫിസർ
ശ്രീമതി. അനിറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫിസർ
ശ്രീമതി. അശ്വതി എസ്. നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ടിസ്സി ജോബ്	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീമതി സുശീല കെ.എൻ	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. കുട്ടിച്ചൻ എം. കല്ലട	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023
ശ്രീമതി അനു സുധാകരൻ	വെറ്റിനറി സർജൻ	01-04-2022	31-03-2023
ശ്രീ ആനന്ദ് വിഷ്ണു പ്രസാദ്	കൃഷി ഓഫീസർ	01-04-2022	31-03-2023
ശ്രീ റിനു തോമസ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023
ശ്രീമതി സിനു ജോൺ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2022	31-03-2023
ശ്രീ സുദർശൻ കെ.	വി. ഇ. ഒ. (അരീക്കുഴ സർക്കിൾ)	01-04-2022	12-09-2022

ശ്രീമതി ദീപ്തി എൻ.	വി. ഇ. ഒ. (അരീക്കുഴ സർക്കിൾ)	13-09-2022	31-03-2023
ശ്രീമതി സരിത ഇബ്രാഹിം	വി.ഇ.ഒ. (പെരിയാമ്പ്ര സർക്കിൾ)	01-04-2022	31-03-2023
ശ്രീമതി രമാ ഭായ്	ഹെഡ് മിസ്ട്രസ്	01-04-2022	30-06-2022
ശ്രീമതി ഉഷ കെ.കെ.	ഹെഡ് മിസ്ട്രസ്	01-07-2022	31-03-2023
ഡോ. ജോൺ ജേക്കബ്ബ്	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	01-04-2022	31-03-2023
ഡോ. ഷിനോജ് തോമസ് എബ്രാഹം	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2022	31-03-2023
ഡോ. അന്നു മാർട്ടിൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	01-04-2022	31-03-2023

--

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല	1-1-2
4	ഇ-ടെൻഡർ വരവുകൾ പഞ്ചായത്ത് കണക്കുകളിൽ ഉൾപ്പെടുത്തിയില്ല	1-1-3
5	ഡെപ്പോസിറ്റ്, മുൻകൂർ രജിസ്റ്ററുകളിലെ നീക്കിയിരിപ്പ് തുകയും വാർഷികകണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല, സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല	1-1-4
6	ബജറ്റ്	1-2
7	ഗ്രാന്റ് വിനിയോഗം	1-3
8	ആസ്തികളുടെ വാർഷിക സ്ഥിതി വിവര കണക്ക്, ആസ്തി പരിപാലന കലണ്ടർ എന്നിവ തയ്യാറാക്കിയിട്ടില്ല	1-4-1
9	പദ്ധതി അവലോകനം	1-4
10	തൊഴിലുറപ്പ് പദ്ധതി	1-5
11	ക്ഷേമ പെൻഷൻ	1-6
12	ക്യാഷ് പരിശോധന-	1-7
13	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-8
14	തനത് വിഭവ സമാഹരണം -അവലോകനം	1-9
15	വസ്തു നികുതി നിർണയത്തിലെ അപാകത	1-10
16	മൊബൈൽ ടവർ - അനുബന്ധ കെട്ടിടം ഉൾപ്പെടെയുള്ള വിസ്തീർണ്ണത്തിന് വസ്തു നികുതി ഈടാക്കുന്നില്ല, നിശ്ചയിച്ച നികുതി കുടിശികയാണ്	1-11
17	വസ്തു നികുതി ഇളവ് നൽകുവാനുള്ള അപേക്ഷകൾ ഹാജരാക്കിയില്ല	1-12
18	തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നില്ല	1-13
19	ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണത്തിനുള്ള കൈകാര്യചെലവ് ലഭ്യമായില്ല	1-14
20	ഇലക്ട്രിക്കൽ പ്രവൃത്തികൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കിയിരിക്കുന്നു.	1-15
21	ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികൾ വാട്ടർ അതോറിറ്റിക്ക് വിട്ടു നൽകിയിരിക്കുന്നു.	1-16
22	മരുന്ന് വാങ്ങൽ പ്രോജക്ടുകൾ- വിതരണ ഏജൻസികൾ ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല	1-17
23	"ഭിന്നശേഷി കുട്ടികൾക്കായി ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ" പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ	1-18
24	ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി	1-19
25	ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല	1-20
26	ജി.എസ്.ടി. ഈടാക്കാൻ അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി അനുവദിച്ചു	1-21
27	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.	1-22
28	മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - രേഖകൾ ഹാജരാക്കിയില്ല	1-23
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	സംയുക്ത പദ്ധതികൾ	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023-ലെ 1(1) നമ്പർ കമ്മറ്റി തീരുമാന പ്രകാരം തയ്യാറാക്കി 04.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **മണക്കാട് ഗ്രാമ പഞ്ചായത്തിന്റെ** മാർച്ച് 2023-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **മണക്കാട് ഗ്രാമ പഞ്ചായത്തിന്റെ** 2022-23 വർഷത്തേക്കുള്ള സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ — ഡെപ്യൂട്ടി ഡയറക്ടർ

02.11.2023 — ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ - പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ കണ്ടിൻജന്റ് ബാധ്യതകൾ 62(2)(എഫ്) അടിസ്ഥാന

അനുപാതങ്ങൾ അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

1) 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

2) ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

1-1-3 ഇ-ടെൻഡർ വരവുകൾ പഞ്ചായത്ത് കണക്കുകളിൽ ഉൾപ്പെടുത്തിയില്ല

പഞ്ചായത്തിന്റെ ഇ-ടെൻഡർ പ്രകാരമുള്ള വരവുകൾ എസ്.ബി.ഐ.യുടെ മണക്കാട് ബ്രാഞ്ചിലുള്ള അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള നം.3770131494 എന്ന അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. ഈ അക്കൗണ്ടിൽ 31.3.2023-ൽ ₹155271.98/- നീക്കിയിരിപ്പുണ്ട്. ഈ തുക പഞ്ചായത്ത് അക്കൗണ്ടിൽ ഉൾപ്പെട്ടില്ല.

1-1-4 ഡെപ്പോസിറ്റ്, മുൻകൂർ രജിസ്റ്ററുകളിലെ നീക്കിയിരിപ്പ് തുകയും വാർഷികകണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല, സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

1) ഡെപ്പോസിറ്റ് രജിസ്റ്ററിലെ നീക്കിയിരിപ്പ് തുകയും വാർഷികകണക്കിലെ തുകയും (ബി-17) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

	ഡെപ്പോസിറ്റ് രജിസ്റ്റർ	വാർഷികകണക്കിലെ തുക
ബിഡേഴ്സ് ഇ.എം.ഡി.	8000	14000
കോൺട്രാക്ടേഴ്സ് റീടെൻഷൻ	0	12671
ആകെ	771359	790030

2) മുൻകൂർ രജിസ്റ്ററിലെ നീക്കിയിരിപ്പ് തുകയും വാർഷികകണക്കിലെ തുകയും (ബി-18) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

	മുൻകൂർ രജിസ്റ്റർ	വാർഷികകണക്കിലെ തുക
അദർ അഡ്വാൻസ്	1594978	1611978
ഫെസ്റ്റിവൽ അഡ്വാൻസ്	ചെലവ് വിവരങ്ങൾ ലഭ്യമല്ല	12000

മറ്റ് അഡ്വാൻസുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.

3) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 58, 4(A) പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തുന്നില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റിന്റെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ഇനം	ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം	ഭരണ സമിതി തീരുമാനം
പ്രാഥമിക ബജറ്റ്	1(1)/19.03.2022	I(1)/26.03.2022
പുതുക്കിയ ബജറ്റ്	1(1)/17.02.2023	4(1)/28.02.2023

ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന തുകകൾ

ഇനം	പ്രാഥമിക ബജറ്റ്	പുതുക്കിയ ബജറ്റ്
മുന്നിരിപ്പ്	5706281	5706281
വരവ്	134349800	107871900

ആകെ	140056081	113578181
ചെലവ്	136653000	108282400
നീക്കിയിരിപ്പ്	3403081	5295781

1-3 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്₹	അലോട്ട്മെന്റ്/ വരവ് ₹	ആകെ₹	ചെലവ്₹	നീക്കിയിരിപ്പ്₹
വികസന ഫണ്ട് - ജനറൽ	0	11224000	11224000	9933432	-
വികസന ഫണ്ട് - എസ്.സി.പി.	0	2702758	2702758	2445692	-
വികസന ഫണ്ട് - റ്റി.എസ്.പി.	0	0	0	0	-
മെയിന്റനൻസ് ഗ്രാന്റ് – റോഡ്	0	3847447	3847447	3847447	-
നോൺ റോഡ്	0	4139321	4139321	4139321	-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് 320200104	92970	1780276	1873246	1852260	20986
ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ് 320200113	994875	2835051	3829926	2389592	1440334
ടോട്ടൽ സാനിറ്റേഷൻ - 320100181	409504	10829	420333	0	420333
ദുരിതാശ്വാസ നിധി	981	26	1007	0	1007
ഐ.സി.ഡി.എസ്. - 320100196	122554	785376	907930	217922	690008
സ്വച്ഛ ഭാരത അഭിയാൻ 160100674	0	493885	493885	493885	0
ശുചിത്വ മിഷൻ ഫണ്ട് (ഖര മാലിന്യ നിർമ്മാർജ്ജനം) - 320100198	312507	0	312507	0	312507
പകർച്ച വ്യാധി നിയന്ത്രണ ഗ്രാന്റ് - 320100195	114958	0	114958	0	114958
പ്രളയ ദുരിതാശ്വാസ ഗ്രാന്റ് - 320100192	99350	0	99350	0	99350
അവാർഡ് - 320100105	6510	0	6510	0	6510
ലൈഫ് സംസ്ഥാന വിഹിതം + വിമുക്തി + അംഗൻവാടി (320300199)	300923	1120180	1421103	1275758	145345
ആർദ്ര കേരളം ആരോഗ്യ പുരസ്ക്കാരം – 320100200	300000	0	300000	256615	43385
ഹെൽത്ത് ഗ്രാന്റ് - PHCs അടിസ്ഥാന വികസനം - 320100202	0	240507	240507	159479	81028
PHC-കളുടെ പുനക്രമീകരണം - 320100204	0	111885	111885	110000	1885
മറ്റ് ബാധ്യതകൾ - 320100999	100724	0	100724	0	100724
സാക്ഷരത	0	13381	13381	13381	0
ഹോമിയോപ്പതി - ആസ്തി വികസനം- 320200208	0	500000	500000	0	500000
ആരോഗ്യ ഇൻഷുറൻസ് 320200399	1854	0	1854	0	1854
പകർച്ചവ്യാധി നിയന്ത്രണം - 320900102	5275	146	5421	0	5421

എം.എൽ.എ. ഫണ്ട്	0	1140340	1140340	1140340	0

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. ആയത് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇനം	ഗ്രാന്റ് അനുവദിച്ച സർക്കാർ ഉത്തരവ് നം. / തീയതി	ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയ തുക ₹	അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ട്രാൻഫർ ക്രഡിറ്റ് ചെയ്യാനുള്ള തുക ₹	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ₹	ആകെ അനുവദിച്ച തുക ₹
വികസന ഫണ്ട് (ജനറൽ)	1049/2023/ധന 13.2.23	3235093	262800	356107	3854000
	6872/2022/ധന 12.10.23	3235093	262800	356107	3854000
	2839/2022/ധന 8.4.2022	3253200	262800		3516000
	ആകെ	9723386	788400	712214	11224000
വികസന ഫണ്ട് (എസ്.സി.പി.)	1049/2023/ധന 13.2.2023	931500	0	288479	1219979
	6872/2022/ധന 12.10.2023	931500	262800	288479	1482779
	ആകെ	1863000	262800	576958	2702758

<u>1-4-1 ആസ്തികളുടെ വാർഷിക സ്ഥിതി വിവര കണക്ക്, ആസ്തി പരിപാലന കലണ്ടർ എന്നിവ തയ്യാറാക്കിയിട്ടില്ല</u>

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2022-23 വർഷ പദ്ധതി രൂപീകരണത്തിനായി 05.05.2023, 28.12.2023 എന്നീ തീയതികളിൽ യോഗം ചേർന്നിരുന്നു. എന്നാൽ പ്രസ്തുത കമ്മറ്റി മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല. ആസ്തികളുടെ വാർഷിക സ്ഥിതിവിവര കണക്ക്, ആസ്തി പരിപാലന കലണ്ടർ എന്നിവ തയ്യാറാക്കിയിട്ടില്ല. പദ്ധതികൾ തയ്യാറാക്കേണ്ടത് ആസ്തികളുടെ സ്ഥിതി വിവരത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ ആസ്തിപരിപാലന പ്ലാൻ തയ്യാറാക്കി അംഗീകരിച്ചതിന് ശേഷം മാത്രമാണ്. എന്നാൽ ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കാതെ വാർഡ് തലത്തിൽ ഫണ്ട് വിഭജനം നടത്തുന്ന രീതിയാണ് അനുവർത്തിക്കുന്നത്. മാത്രമല്ല നിലവിലുള്ളതും പുതുതായി സൃഷ്ടിക്കപ്പെടുന്നതുമായ ആസ്തികളുടെ അസറ്റ് മാനേജ്മെന്റ് സംബന്ധിച്ച് പ്രതിമാസ, അർദ്ധവർഷ, വാർഷിക അവലോകനം നടത്തുന്നില്ല. അസറ്റ് രജിസ്റ്റർ അപ്ഡേഷൻ നടത്തിയതിൻമേലുള്ള ഭൗതിക പരിശോധന, മോണിട്ടറിംഗ്, റിവ്യൂ എന്നിവ നടത്തുന്നില്ല.

<u>1-4 പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ച പദ്ധതികൾ	പദ്ധതി അടങ്കൽ	നടപ്പാക്കിയ പദ്ധതികൾ	പദ്ധതി ചെലവ്	നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
207	74981154	181	37356250	26	87.44

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്ക്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയവ	നടപ്പാക്കിയ പദ്ധതികളുടെ %	അടങ്കൽ (₹)	ചെലവ് (₹)	ചെലവ് %
കൃഷി ഓഫിസർ	4	4	100.00	500000	500000	100.00
മെഡിക്കൽ ഓഫിസർ (ആരോഗ്യം)	8	8	100.00	1941727	1859276	95.75
മെഡിക്കൽ ഓഫിസർ (ഹോമിയോ)	4	4	100.00	408000	398650	97.71
മെഡിക്കൽ ഓഫിസർ (ആയുർവ്വേദം)	3	3	100.00	900000	900000	100.00
വെറ്ററിനറി സർജൻ	6	6	100.00	2794370	2720550	97.36
വി.ഇ.ഒ.	22	17	77.27	36825958	9368765	25.44
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	11	11	100.00	4484046	3890178	86.76
സെക്രട്ടറി	50	42	84.00	8421654	6427285	76.32
ഡയറി എക്സ്റ്റൻഷൻ ഓഫിസർ	2	2	100.00	2635910	1286493	48.81
അസി. എഞ്ചിനീയർ	95	82	86.32	15965789	9901353	62.02
ഹെഡ്മാസ്റ്റർ	2	2	100.00	103700	103700	100.00
ആകെ	207	181	87.44	74981154	37356250	49.82

1-5 തൊഴിലുറപ്പ് പദ്ധതി

ഫണ്ടിനം		മുന്നിരിപ്പ്₹	വരവ്₹	ആകെ₹	ചെലവ്₹	നീക്കിയിരിപ്പ്₹
കേന്ദ്രാവിഷ്കൃത പദ്ധതി	തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്)	3055	889367	892422	317673	574749
	തൊഴിലാളികളുടെ കൂലി	0	7553673	7553673	7553673	0

1-6 ക്ഷേമ പെൻഷൻ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
വിധവ പെൻഷൻ	5,025,400.00	476
വാർദ്ധക്യകാല പെൻഷൻ	12,907,500.00	1213
വികലാംഗ പെൻഷൻ	1,828,700.00	167
കർഷക തൊഴിലാളി പെൻഷൻ	3,243,300.00	278
തൊഴിലില്ലായ്മ വേതനം	1,440.00	6
50 വയസിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	305,600.00	27

1-7 ക്യാഷ് പരിശോധന-

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 8700/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജനം നടത്തി ഭരണ നിർവ്വഹണം നടത്തുന്നുണ്ട്. നികുതി തുകകൾ പിരിച്ചെടുക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ടെങ്കിലും തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരുടെയും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. പരിഷ്കരിച്ച വസ്തു നികുതി നിരക്ക് അന്തിമമായി നിശ്ചയിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നതായി കാണുന്നില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതായും കാണുന്നു. വിവിധ പദ്ധതികളുടെ നടത്തിപ്പിന് മുൻകൂറായി തുക നൽകുന്നുണ്ടെങ്കിലും തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രങ്ങൾ വാങ്ങി സൂക്ഷിക്കുന്നില്ല.

1-9 തനത് വിഭവ സമാഹരണം -അവലോകനം

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്ട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലേക്കായി ഭരണ സമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണസമിതിയിൽ അവതരിപ്പിച്ചു നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

പഞ്ചായത്ത് സെക്രട്ടറി ഓരോ മാസവും പ്രതിമാസ അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിച്ച് ശുപാർശകൾ സഹിതം തൊട്ടടുത്ത് ചേരുന്ന ഭരണസമിതി യോഗത്തിൽ വയ്ക്കേണ്ടതാണ് (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം (60).

നികുതി നികുതിയേതര വരുമാനങ്ങൾ

എ) തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് പരിപാലിക്കുന്നില്ല.

തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയാറാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ബി) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/2017- ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ. (എസ്.ആർ.ഒ.) നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം ഭേദഗതി ചട്ടങ്ങളിലെ ചട്ടം 10-ലെ പട്ടിക 2-ൽ ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ വിവിധ വ്യാപാരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ്

ഫീസ് ഈടാക്കേണ്ടതെങ്കിലും അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തി ആനുപാതികമായ ഫീസ് ഈടാക്കുന്നില്ല.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കാവുന്നതാണ്.

<u>സി) വസ്തു നികുതി</u>

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

മണക്കാട് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലിരിക്കുന്ന അടിസ്ഥാന നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധിക്ക് വിധേയമായി 01/04/2011 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 -ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷക്കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷക്കാലയളവിൽ ഒരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2013 ലെ സ.ഉ. (അച്ചടി) 5/2023/LSGD നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 07/08/2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി യോഗം 6(1) നമ്പർ തീരുമാനപ്രകാരം അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. ഭൂപ്രദേശങ്ങളെ മേഖലകളായി തിരിച്ചും, വിവിധ റോഡുകൾ തരം തിരിച്ചും അന്തിമമായി നിശ്ചയിച്ചിട്ടില്ല.

1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 -ാം വകുപ്പ് 7-ാം ഉപവകുപ്പ് പ്രകാരം ഭൂപ്രദേശങ്ങളെ മേഖലകളായി ചുവടെ ചേർക്കും പ്രകാരം തരം തിരിച്ച് മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1) പ്രഥമ മേഖലകൾ (Prime Zones) (അതായത് സർക്കാർ, അർദ്ധസർക്കാർ ആഫീസുകൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, മാർക്കറ്റ്, ബസ്സ്റ്റാന്റ്, ആശുപത്രി എന്നിവ താരതമ്യേന കൂടുതലായി സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ, അല്ലെങ്കിൽ താരതമ്യേന വികസിതമായ പ്രദേശങ്ങൾ)

2. ദ്വിതീയ മേഖലകൾ (Secondary Zones) (അതായത് പ്രഥമ മേഖലകൾക്ക് ചുറ്റുമുള്ള പ്രദേശങ്ങൾ അല്ലെങ്കിൽ താരതമ്യേന വികസന സാദ്ധ്യതകളുള്ള പ്രദേശങ്ങൾ)

3. തൃതീയ മേഖലകൾ (Tertiary Zones) (അതായത് പ്രഥമ, ദ്വിതീയ മേഖലകളിൽ ഉൾപ്പെടാത്തതും താരതമ്യേന വികസനം കുറഞ്ഞതും അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞതും ജനസാന്ദ്രത കുറഞ്ഞതുമായ പ്രദേശങ്ങൾ)

വിവിധ റോഡുകളെ നാഷണൽ ഹൈവേ, സംസ്ഥാന ഹൈവേ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന ഒന്നാം തരം റോഡ്, ജില്ലാറോഡ്, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന രണ്ടാം തരം റോഡ് എന്നിങ്ങനെ തരം തിരിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്.

പരിഷ്കരിച്ച വസ്തു നികുതി നിരക്ക് അന്തിമമായി നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

<u>കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം/പുനർ നിർണ്ണയം</u>

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്ത് കെട്ടിടങ്ങളുടെ വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ, സിവിൽ/ഐ.ടി.ഐ സർവയർ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നതിനായി പത്രപരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. നികുതി പരിഷ്കരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA നമ്പർ) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം അനുയോജ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. തുടർന്ന് നികുതി നിർണ്ണയിക്കപ്പെടാത്തതോ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർനിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്. സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം പഞ്ചായത്തിൽ 93 കൈത്തറി /കയർപിരി ഷെഡുകളുണ്ട്. മേൽ സ്ഥാപനങ്ങളുടെ ഉപയോഗക്രമം പുനഃപരിശോധിച്ച് ഉപയോഗക്രമത്തിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാക്കാവുന്നതാണ്.</u>

2011- ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

ഗ്രാമപഞ്ചായത്തിന്, ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

<u>1-10 വസ്തു നികുതി നിർണയത്തിലെ അപാകത</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ് പ്രകാരം ഒരു കെട്ടിട ഉടമയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഓരോ മുറിയുടേയും വിസ്തീർണം പരിഗണിക്കാതെ ഒന്നായി തറവിസ്തീർണം കണക്കാക്കി നികുതി നിർണയം നടത്തേണ്ടതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും

വെവ്വേറെ വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഗ്രാമപഞ്ചായത്ത് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ₹50/- നിരക്കിലും അതിൽ കൂടുതൽ തറവിസ്തീർണമുള്ളവയ്ക്ക് ₹60/- നിരക്കിലുമാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് 2022-23ൽ നമ്പർ നൽകിയപ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണം 100 ച.മീറ്ററിൽ അധികരിച്ചത് പരിഗണിക്കാതെ ഓരോ കടമുറിയ്ക്കും പ്രത്യേകമായി നികുതി നിശ്ചയിച്ചിട്ടുണ്ട്.

കെട്ടിട ഉടമസ്ഥൻ	കെട്ടിട നമ്പർ	കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ)	ഈടാക്കിയ നികുതി നിരക്ക്	ഈടാക്കേണ്ട നികുതി നിരക്ക്
സത്യദാസ്	3/304/സി	51.78	50	60
	3/304/ഡി	50.22	50	60
	3/304/ഇ	50.22	50	60
	3/304/എഫ്	28.8	50	60
ജെയിൻ എം. ജോസഫ് & ഷിജി ജെയിൻ	7/99/എ	21.6	50	60
	7/99/ബി	21.6	50	60
	7/99/സി	21.44	50	60
	7/99/ഡി	21.5	50	60
	7/99/ഇ	21.5	50	60
	7/99/എഫ്	21.5	50	60
	7/99/ജി	21.5	50	60
	7/99/എച്ച്	30.7	50	60
	7/99/ഐ	24	50	60
	7/99/ജെ	24.3	50	60
	7/99/കെ	24.3	50	60
	7/99/എൽ	24.3	50	60
	7/99/എം	28.3	50	60
	7/99/എൻ	13.86	50	60

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/22.08.2023) ലഭ്യമാക്കിയ മറുപടി പ്രകാരം നികുതി പുനർനിർണയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തുള്ള സമാനമായ വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലും ഈ അപാകതയും നികുതി നഷ്ടവും ഇല്ല എന്ന് ഉറപ്പാക്കേണ്ടതാണ്. മേൽ പരാമർശിച്ച കെട്ടിടങ്ങളിലും സമാനമായ മറ്റ് കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി കെട്ടിടത്തിന്റെ വ്യത്യസ്ത മുറികൾ വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നില്ലെന്ന് ബോധ്യമായാൽ നികുതി പുതിയ നിരക്കിൽ പുനർനിർണയിക്കേണ്ടതാണ്.

1-11 മൊബൈൽ ടവർ - അനുബന്ധ കെട്ടിടം ഉൾപ്പെടെയുള്ള വിസ്തീർണ്ണത്തിന് വസ്തു നികുതി ഈടാക്കുന്നില്ല, നിശ്ചയിച്ച നികുതി കുടിശികയാണ്

1) 'സഞ്ചയ' സോഫ്റ്റ്‌വെയർ പ്രകാരമുള്ള നികുതി നിർണയ രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള 10/177 എന്ന മൊബൈൽ ടവർ - അനുബന്ധ കെട്ടിടത്തിൽ നിന്ന് വസ്തു നികുതി 2013-14 മുതൽ ഈടാക്കുന്നില്ല.

2) മൊബൈൽ ടവറിന് നിശ്ചയിച്ച നികുതി യഥാസമയം പഞ്ചായത്തിൽ ഒടുക്കാതെ കുടിശികയാക്കുന്നു.

ക്രമ നമ്പർ	വർഷം	അർദ്ധ വർഷം	നികുതി	ലൈബ്രറി സെസ്	ആകെ നികുതി

1	2013	First Half	5000	250	5250
2	2013	Second Half	5000	250	5250
3	2014	First Half	5000	250	5250
4	2014	Second Half	5000	250	5250
5	2015	First Half	5000	250	5250
6	2015	Second Half	5000	250	5250
7	2016	First Half	5000	250	5250
8	2016	Second Half	5000	250	5250
9	2017	First Half	5000	250	5250
10	2017	Second Half	5000	250	5250
11	2018	First Half	5000	250	5250
12	2018	Second Half	5000	250	5250
13	2019	First Half	5000	250	5250
14	2019	Second Half	5000	250	5250
15	2020	First Half	5000	250	5250
16	2020	Second Half	5000	250	5250
17	2021	First Half	5000	250	5250
18	2021	Second Half	5000	250	5250
19	2022	First Half	5000	250	5250
20	2022	Second Half	5000	250	5250
21	2023	First Half	5250	263	5513
ആകെ					116025

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04 തീയതി 22/08/2023) ലഭ്യമാക്കിയ മറുപടി പ്രകാരം 01.03.2023-ലെ 122030313714060705 രസീത് പ്രകാരം 2013-14 മുതൽ 2014-15 വരെയുള്ള കുടിശിക ₹ 20790/- അടവാക്കിയതായും തുക പൂർണ്ണമായി ഈടാക്കുന്നതിന് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക പൂർണ്ണമായി ഈടാക്കുവാൻ തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-12 വസ്തു നികുതി ഇളവ് നൽകുവാനുള്ള അപേക്ഷകൾ ഹാജരാക്കിയില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം ഒരു അർധവർഷത്തിൽ 60 ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി കെട്ടിടം ഒഴിഞ്ഞു കിടന്നാൽ ഒഴിഞ്ഞു കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയുടെ പകുതിയിൽ കുറയാത്ത തുക സെക്രട്ടറിക്ക് ഇളവ് ചെയ്യാവുന്നതാണ്. ഒഴിഞ്ഞു കിടക്കുന്ന വിവരം പഞ്ചായത്തിനെ അറിയിച്ചില്ലെങ്കിൽ ഇളവ് അനുവദനീയമല്ല. 2022-23 വർഷം വസ്തു നികുതിയിൽ ഇളവ് അനുവദിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ കെട്ടിട ഉടമസ്ഥർ സമർപ്പിച്ച അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

ക്രമ നമ്പർ	ഫയൽ നമ്പർ	വാർഡ് നമ്പർ	കെട്ടിട നമ്പർ	ഉപ നമ്പർ	പേര്	വീട്ട് പേര്	ഉപയോഗം	ഇളവ് ആരംഭിച്ച ദിവസം	ഇളവ് അവസാനിച്ച ദിവസം	ആകെ ദിവസം	ഇളവ് തുക

1	SE3-11/2022	7	87		ചന്ദ്രലാൽ	കൊന്നക്കൽ	പാർപ്പിടാവശ്യം	08/04/2022	30/06/2022	84	504
2	SE3-11/2022	7	88	B	ചന്ദ്രലാൽ	കൊന്നക്കൽ	വാണിജ്യാവശ്യം	08/04/2022	30/06/2022	84	401
3	SE3-11/2022	7	88	C	ചന്ദ്രലാൽ	കൊന്നക്കൽ	വാണിജ്യാവശ്യം	08/04/2022	30/06/2022	84	327
4	SE3-11/2022	7	89	D	ചന്ദ്രലാൽ	കൊന്നക്കൽ	വാണിജ്യാവശ്യം	08/04/2022	30/06/2022	84	354
5	SE3-274/22	11	82	A	വി.എം സന്തോഷ്	വട്ടപ്പിള്ളിൽ	പാർപ്പിടം	10/05/2022	31/07/2022	83	193

കെട്ടിട ഉടമസ്ഥർ സമർപ്പിച്ച അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അപേക്ഷ നൽകിയിട്ടില്ലെങ്കിൽ വസ്തു നികുതിയിൽ നൽകിയ ഇളവ് റദ്ദ് ചെയ്ത് നികുതി ഈടാക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നില്ല

തൊഴിൽ നികുതി രജിസ്റ്ററും ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള വ്യക്തികൾ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം ലൈസൻസിനുള്ള അപേക്ഷയിൽ നൽകിയിട്ടുണ്ടെങ്കിലും എല്ലാ ജീവനക്കാരും തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല.

ക്രമ നം	ലൈസൻസ് രജിസ്റ്ററിലെ ക്രമ നം	സ്ഥാപന ഉടമയുടെ പേര്, ലൈസൻസ് ആവശ്യം	ലൈസൻസിനുള്ള അപേക്ഷയിലുള്ള ജീവനക്കാരുടെ എണ്ണം	തൊഴിൽ നികുതി ഒടുക്കിയ ജീവനക്കാർ
1	5	കേരള ഫീഡ്സ്, കാലിത്തീറ്റ നിർമാണം	97	72
2	1	മജീഷ് എം.പി., ഫെറോ സിമന്റ് സ്ലാബ് നിർമാണം	5	0
3	11	സിദ്ദിഖ് കെ.എം., തടിമില്ല്	4	0
4	13	സോഫിയാമ്മ സെബാസ്റ്റ്യൻ, എണ്ണ നിർമ്മാണം	3	0
5	14	വിനോദ് മാത്യു, ഹോളോ ബ്രിക്സ്	9	0
6	15	പ്രിൻസ് മാത്യു, മെറ്റൽ ക്രഷർ	9	0
7	23	ജോയി വർഗ്ഗീസ്, പാറമട	6	O
8	27	ഷോപ്പ് മാനേജർ, മാവേലി സ്റ്റോർ	2	0
9	29	ടെൻസൺ മാത്യു, അഗർബത്തി നിർമാണം	2	0
10	36	അഭിലാഷ് കെ.ജെ., കക്കാട്ട്, പ്ലൈവുഡ് നിർമാണം	3	0

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 3/22.08.23) യിൽ ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നമ്പർ 8 പ്രകാരമുള്ള മാവേലി സ്റ്റോറിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായും മറ്റു സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലും ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടതും ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-14 ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണത്തിനുള്ള കൈകാര്യചെലവ് ലഭ്യമായില്ല

പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റ്	108/23, വനിതാ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം
നിർവഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ
അടങ്കൽ	₹2093000/- (വികസന ഫണ്ട് 1019590+ഗുണഭോക്തൃ വിഹിതം 1019590)
ബിൽ/വൗച്ചർ നം. തുക, തീയതി	22100552013100985184, 237705, 3/1/2023 2210055201310111514, 258635, 31/1/2023 2210055201310101261727,261625, 28/2/2023 22100552013101353477, 261625, 15/3/2023 42203172, 1019590, 31/3/2013

മണക്കാട് ഗ്രാമപഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെടുന്ന 175 വനിതാ ക്ഷീരകർഷകർക്ക് ഡിസംബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ രണ്ട് ചാക്ക് കാലിത്തീറ്റ വീതം വിതരണം ചെയ്യുന്നതിനായി കേരള ഫീഡ്സിൽ നിന്നും ചാക്ക് ഒന്നിന്(50കി.ഗ്രാം) ₹1495/-നിരക്കിൽ എലൈറ്റ് കാലിത്തീറ്റ വാങ്ങി ഗുണഭോക്താക്കൾക്ക് ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. കേരള ഫീഡ്സ് കമ്പനിയുമായി ഏർപ്പെട്ട കരാർ വ്യവസ്ഥയിലെ ഭാഗം 7(1) ചുവടെ ചേർക്കുന്നു.

7. (1) കാലിത്തീറ്റയുടെ ഇറക്ക് കൂലിയും മറ്റ് അനുബന്ധ ചെലവുകളും വഹിക്കുന്നതിന് ചാക്ക് ഒന്നിന് ₹30/- നിരക്കിൽ കൈകാര്യചെലവ് നൽകുന്നതായിരിക്കും. ഈ തുക കാലിത്തീറ്റ വിതരണ പദ്ധതി പൂർത്തികരിച്ച് മേൽ സൂചിപ്പിച്ച നിരക്ക് പ്രകാരം കാലിത്തീറ്റയുടെ വില പൂർണമായും കമ്പനിയിൽ ലഭിച്ചതിന് ശേഷം പദ്ധതി നിർവഹണ ഉദ്യാഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും നൽകുക.

ക്ഷീര സംഘങ്ങൾ വഴി 1364 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. കാലിത്തീറ്റയുടെ വിലയായ ₹2039180/- പൂർണമായും കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കാലിത്തീറ്റയുടെ ഇറക്ക് കൂലിയും മറ്റ് അനുബന്ധ ചെലവുകളും വഹിക്കുന്നതിന് ചാക്ക് ഒന്നിന് ₹30/- വീതം ആകെ ₹40920/- (1364x30) കൈകാര്യചെലവ് ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04 തീയതി 22/08/2023) മറുപടി ലഭ്യമാക്കിയില്ല. കൈകാര്യചെലവ് കേരള ഫീഡ്സ് കമ്പനിയിൽ നിന്നും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 ഇലക്ട്രിക്കൽ പ്രവൃത്തികൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കിയിരിക്കുന്നു.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ രണ്ട് വൈദ്യുതീകരണ പ്രവൃത്തികൾക്കായുള്ള തുക പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗ്, ഇടുക്കി സബ്ഡിവിഷൻ അസി.എക്സി. എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് തുക നിക്ഷേപിച്ചിരിക്കുന്നതായി കാണുന്നു. പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പദ്ധതി വിവരങ്ങൾ
1	മൃഗാശുപത്രി കെട്ടിടത്തിന്റെ മുകൾ ഭാഗം വൈദ്യുതീകരണം- പ്രോജക്റ്റ് നം. 105/23.

	ഫണ്ടിനം- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ബിൽ റഫറൻസ് നമ്പർ 2210055201680109764l/27.01.2023 ചെലാൻ നം. 23090/01.02.2023- ₹100000/-
2	പാച്ചൂർ അംഗൻ വാടിക്ക് മുകളിലുള്ള ഹാൾ വയറിംഗ്- പ്രോജക്റ്റ് നം. 145/23. ഫണ്ടിനം. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്. ₹30000/-, തനത് ഫണ്ട്.₹3500/- ബിൽ റഫറൻസ് നമ്പർ.2210055201680093l677/20.12.2022 ₹30000/- ചെലാൻ നം. 20192/23.12.2022- ₹30000/- ചെക്ക് നമ്പർ.6694966/24.12.2022. ₹3500/-

സ.ഉ. (ആർ.ടി) നം.2878/2015/ത.സ്വ.ഭ.വ, 14-ാം പദ്ധതി മാർഗ്ഗരേഖ (ജി.ഒ. (എം.എസ്) 84/2022 തീയതി 19.04.2022 ഖണ്ഡിക-3.8.4 പ്രകാരം ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവ നടത്തേണ്ടത് ജില്ലാആസൂത്രണ സമിതി രൂപീകരിക്കുന്ന ടെക്നിക്കൽ കമ്മറ്റിയിലെ എഞ്ചിനീയർ ആണ്. ഇതിനായി എസ്റ്റിമേറ്റ് തുകയുടെ 3% തുക പ്രതിഫലമായി അനുവദിക്കാവുന്നതാണ്. സാങ്കേതികാനുമതി നൽകുക, ചെക്ക് മെഷർ ചെയ്യുക എന്നിവ നടത്തേണ്ടത് ഇതേ ടെക്നിക്കൽ കമ്മറ്റിയിലെ മറ്റൊരു അംഗമാണ്. ഇതിനായി ആകെ എസ്റ്റിമേറ്റ് തുകയുടെ 1% തുക പ്രതിഫലമായി അനുവദിക്കാവുന്നതാണ്.

മാത്രമല്ല 14-ാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12(2)ൽ പഞ്ചായത്തിന് പ്രവൃത്തികൾക്ക് നിക്ഷേപം നടപ്പാക്കാവുന്ന സ്ഥാപനങ്ങളുടെ വിവരവും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ഖണ്ഡികയിൽ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിംഗ് ഉൾപ്പെടുന്നില്ല.

മേൽ പ്രവൃത്തികളിൽ അളവ് മൂല്യത്തിന്റെ 13.78% നിരക്കിൽ സെന്റേജ് ചാർജ്ജിനത്തിൽ നൽകിയിരിക്കുന്നു. മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി ആകെ 4% തുക മാത്രം പ്രതിഫലമായി നൽകുന്നതിന് പകരം 13.78% സെന്റേജ് ചാർജ്ജിനത്തിൽ നൽകിയതിനാൽ പദ്ധതി നിർവ്വഹണത്തിൽ ₹6848/-യുടെ നഷ്ടം സംഭവിച്ചിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തി	എസ്റ്റിമേറ്റ് പ്രകാരം	നേരിട്ട് നിർവ്വഹണം നടത്തിയിരുന്നെങ്കിൽ	അധികം നൽകിയ തുക
മൃഗാശുപത്രി കെട്ടിടത്തിന്റെ മുകൾ ഭാഗം വൈദ്യുതീകരണം	ആകെ പ്രവൃത്തി മൂല്യം-₹75885/- സെന്റേജ് ചാർജ്ജ് 13.78%-₹10456/- ജി.എസ്.ടി.- ₹13659 ആകെ -₹100000	ആകെ പ്രവൃത്തി മൂല്യം-₹75885/- പ്രതിഫലം 4%-₹3035/- ജി എസ് ടി- ₹13659 ആകെ -₹92579/-	₹7421/-
പാച്ചൂർ അംഗൻ വാടിക്ക് മുകളിലുള്ള ഹാൾ വയറിംഗ്	ആകെ പ്രവൃത്തി മൂല്യം-₹25416.73/- സെന്റേജ് ചാർജ്ജ് 13.78%-₹3502.43/- ജി എസ് ടി- ₹4575.01 ആകെ -₹33500	ആകെ പ്രവൃത്തി മൂല്യം-₹25416.73/- പ്രതിഫലം 4%-₹1016.66/- ജി.എസ്.ടി.- ₹4575.01 ആകെ -₹31008.40	₹2492
		ആകെ	9913

പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മേൽപറഞ്ഞ പദ്ധതികളുടെ നിർവ്വഹണത്തിനായി തുക നിക്ഷേപം നടത്തിയതിന്റെയും പദ്ധതികൾ പൂർത്തീകരിക്കാത്തതിന്റെയും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/24.08.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ ഇനത്തിലുള്ള ₹133500/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികൾ വാട്ടർ അതോറിറ്റിക്ക് വിട്ടു നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികൾക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളുടെ നിർവ്വഹണ ചുമതല വാട്ടർ അതോറിറ്റിക്ക് നൽകിയിരിക്കുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.

പദ്ധതിയുടെ പേര്	പുലിക്കുന്ന് വാട്ടർ ടാങ്കിലേയ്ക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ
പ്രോജക്ട് നം.	200/23
ഗ്രാന്റിനം	ധനകാര്യകമ്മീഷൻ ഗ്രാന്റ്
വൗച്ചർ നമ്പർ	XVFC/2022-23/P/26/31.01.2023 ₹341540/-

2.

പദ്ധതിയുടെ പേര്	താമല വാട്ടർ സപ്ലൈ പമ്പിംഗ് ലൈൻ സ്ഥാപിക്കൽ
പ്രോജക്ട് നം.	260/23
ഗ്രാന്റിനം	ധനകാര്യകമ്മീഷൻ ഗ്രാന്റ്
വൗച്ചർ നമ്പർ	XVFC/2022-23/P/43/15.03.2023 ₹255000/-

മുൻ വർഷങ്ങളിൽ തുടങ്ങിയ കുടിവെള്ള പദ്ധതി പിന്നീട് മെയിന്റനൻസ് നടത്താത്തതുമൂലം ഉപയോഗ ശൂന്യമായി തീർന്നതിനാൽ പമ്പിംഗ് ലൈനിലുള്ള പൈപ്പുകൾ നശിച്ചുപോയതിനെത്തുടർന്ന് വാട്ടർ അതോറിറ്റി മുഖേന പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരിക്കുന്നു. ജലജീവൻ മിഷൻ പദ്ധതി പ്രകാരം ജലവിതരണ പദ്ധതി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്നുണ്ടെങ്കിലും പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത മേഖലയിലെ ജനങ്ങൾക്ക് വേണ്ടിയാണ് ഈ രണ്ട് പദ്ധതികളും നടപ്പിലാക്കുന്നത് എന്ന് പഞ്ചായത്ത് കമ്മറ്റിയുടെ 28.12.2022ലെ 1(1) തീരുമാനം, ഫയൽ എന്നിവ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. ജലവിതരണത്തിനായി ബൃഹത് പദ്ധതികൾ വിവിധ ഏജൻസികൾ നിർവ്വഹണം നടത്തിയിട്ടും ജലവിതരണം സമ്പൂർണ്ണമായി നടപ്പാക്കാനാവുന്നില്ല എന്നതിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. കൂടാതെ പദ്ധതി നടത്തിപ്പിൽ താഴെ സൂചിപ്പിക്കുന്ന രീതിയിലുള്ള അപാകതകൾ കാണുന്നു.

1. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പദ്ധതിയുടെ മെയിന്റനൻസിനും തുടർ നടത്തിപ്പിനും കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

2. മെയിന്റനൻസിന് യാതൊരു ഫീസും കൂടാതെ ഗ്രാമപഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിംഗിനെക്കൊണ്ട് ചെയ്യിക്കുന്നതിന് പകരം 11.02% സെന്റേജ് ചാർജ്ജ് നൽകി കേരള വാട്ടർ അതോറിറ്റിയെക്കൊണ്ട് ചെയ്യിക്കുന്നതിനായി നിക്ഷേപം നടത്തിയിരിക്കുന്നു.

3. പദ്ധതിയുടെ തുടർ നടത്തിപ്പിനായി വാട്ടർ അതോറിറ്റിക്ക് നൽകിയിരിക്കുന്നു എന്ന് അറിയിച്ചു എങ്കിലും ഇത് സംബന്ധിച്ച കമ്മറ്റി തീരുമാനമോ മറ്റ് രേഖകളോ ഹാജരാക്കിയില്ല.

4. തുക നിക്ഷേപിച്ച് 7 മാസം കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല. കേരള വാട്ടർ അതോറിറ്റിയുമായി ഉണ്ടാക്കിയിരിക്കുന്ന എഗ്രിമെന്റിൽ പൂർത്തീകരിക്കേണ്ട കാലയളവ്

ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ജനങ്ങൾക്ക് എത്രയും പെട്ടന്ന് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു.

അപാകതകൾക്ക് വിശദീകരണം നൽകുന്നതിനായി ഓഡിറ്റ് എൻക്വയറി (നമ്പർ 11/24.08.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ഈ ഇനത്തിലെ ₹596540/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 മരുന്ന് വാങ്ങൽ പ്രോജക്ടുകൾ- വിതരണ ഏജൻസികൾ ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല

ഗ്രാമപ്പഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി വിവിധ മെഡിക്കൽ ഓഫീസർമാർ (പി.എച്ച്.സി., ഹോമിയോ, ആയുർവേദം) നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പദ്ധതികൾ പ്രകാരം വിവിധ വിതരണ ഏജൻസികൾക്ക് (കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, ഹോംകോ ആലപ്പുഴ, ആയുർധാര തൃശൂർ) മുൻകൂറായി തുക കൈമാറിയിട്ടുണ്ട്. നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ ടി സ്ഥാപനങ്ങൾ പൂർണമായി വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണോദ്യോഗസ്ഥൻ	പ്രോജക്ട് നം, പേര്	കൈമാറിയ തുക, ബിൽ നം./ തീയതി	ലഭ്യമായ മരുന്നുകളുടെ മൂല്യം ₹	ലഭ്യമാകാന വശേഷിക്കുന്ന മരുന്നുകളുടെ മൂല്യം ₹
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	18/23, പി. എച്ച്. സി.യ്ക്ക് മരുന്ന് വാങ്ങൽ	90000/-22100552018701124333/ 06.02.2023	1438	88562
	20/23, പാലിയേറ്റീവ് കെയർ പി എച്ച് സി	101666/-22100552018700783568/23.11.2022	5624	96042
		76065/- 22100552018701130023/06.02.2023	14213	61852
മെഡിക്കൽ ഓഫീസർ (ഹോമിയോ)	22/23, ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്നുവാങ്ങൽ	300,000/- 22100552013200883885/14.12.2022 (ഹോമിയോ ഡിസ്പെൻസറി നെടിയശാല, ആയുഷ് ഹോമിയോ ഡിസ്പെൻസറി, അരിക്കുഴ എന്നിവയ്ക്ക് 150,000 രൂപയുടെ വീതം മരുന്ന്)	ഹോമിയോ ഡിസ്പെൻസറി, നെടിയശാല – 50525 ആയുഷ് ഹോമിയോ ഡിസ്പെൻസറി, അരിക്കുഴ-71460/-	ഹോമിയോ ഡിസ്പെൻസറി, നെടിയശാല— 99475/- ആയുഷ് ഹോമിയോ ഡിസ്പെൻസറി, അരിക്കുഴ-78540/-
മെഡിക്കൽ ഓഫീസർ (ആയുർവേദം)	25/23, ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ	₹400,000/- 22100552013300854637/ 07.12.2022	370,282/-	29718

വിവിധ മരുന്നുവാങ്ങൽ പദ്ധതികൾ മുഖേന രോഗികൾക്ക് ആവശ്യമായ മരുന്ന് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും അതാത് നിർവ്വഹണ ഉദ്യോഗസ്ഥരും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-18 "ഭിന്നശേഷി കുട്ടികൾക്കായി ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ" പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)
പദ്ധതിയുടെ പേര്	266/23 ഭിന്നശേഷി കുട്ടികൾക്കായി ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ	വികസനഫണ്ട് പൊതുവിഭാഗം 15000
ചെലവ്	വികസനഫണ്ട് പൊതുവിഭാഗം 10450 (BRN 22100552018701513362/29.03.2023)

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണം നടത്തിയ 266/23 ഭിന്നശേഷി കുട്ടികൾക്കായി ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ പദ്ധതി പ്രകാരം പ്രണവം ഇൻഡസ്ട്രീസ്, പുതുപ്പരിയാരം എന്ന സ്ഥാപനത്തിൽ നിന്നും ഒരു ഫിസിയോതെറാപ്പി ടേബിൾ വാങ്ങുകയും സ്ഥാപനം സമർപ്പിച്ച ക്യാഷ് ബിൽ (ബിൽ നം.41/23.03.2023) പ്രകാരമുള്ള ₹10450/- ഷിബു.പി.ജി. എന്ന വ്യക്തിയുടെ അക്കൌണ്ടിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തുകളുടെ 2022-23 മുതൽ 2026-27 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിൽ (സ.ഉ.(കൈ)നം.115/2022/ തസ്വഭവ തീയതി.28.05.2022) ഭിന്നശേഷി വിഭാഗക്കാർക്ക് ഉപകരണം വാങ്ങുന്ന പദ്ധതികൾ ഐ.സി.ഡി.എസ്. സൂപ്പർവൈസർ മുഖേന നിർവ്വഹണം നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട് (7.1.4.4). നിർദ്ദേശത്തിന് വിരുദ്ധമായി മെഡിക്കൽ ഓഫീസർ പദ്ധതിനിർവ്വഹണം നടത്തിയിരിക്കുന്നു.

2. ഉപകരണത്തിന്റെ ആവശ്യകത നിർണ്ണയിച്ചത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. പദ്ധതി പ്രകാരം വാങ്ങിയ ഫിസിയോതെറാപ്പി ടേബിൾ സെന്റ് സെബാസ്റ്റ്യൻസ് എച്ച് എസ് എസ്, വഴിത്തല എന്ന സ്കൂളിലേയ്ക്ക് നൽകിയതായാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമപ്പഞ്ചായത്തിന്റെ വികസനഫണ്ട് ഉപയോഗിച്ച് ഭിന്നശേഷി കുട്ടികൾക്കായി വാങ്ങിയ ഉപകരണം ഒരു എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിന് വിതരണം ചെയ്യാനുണ്ടായ കാരണം വ്യക്തമാക്കുന്ന രേഖകളൊന്നും ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.**05/22.08.2023)** നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല ടി സ്കൂളിനെ ആനുകൂല്യം കൈപ്പറ്റുന്നതിനായി തീരുമാനിച്ചതിനും പദ്ധതി നിർവ്വഹണം സംബന്ധിച്ച മറ്റ് അപാകങ്ങൾക്കും രേഖകൾ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും മറുപടി ലഭ്യമാക്കേണ്ടതാണ്.

1-19 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

2022-23 വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

1. ഞങ്ങളും കൃഷിയിലേക്ക്- തരിശു നെൽകൃഷിക്ക് സബ്സിഡി

പ്രോജക്ട് നം./ പേര്	187/23 ഞങ്ങളും കൃഷിയിലേക്ക്- തരിശു നെൽകൃഷിക്ക് സബ്സിഡി
അടങ്കൽ/ചെലവ്	20000 (വികസനഫണ്ട് പൊതുവിഭാഗം)
ബിൽ നമ്പർ/തീയതി	22100552013000883921/19.12.2022 -₹20000

പഞ്ചായത്ത് കമ്മറ്റിയുടെ 28.12.2022 ലെ 1(2) നമ്പർ തീരുമാനപ്രകാരം ഞങ്ങളും കൃഷിയിലേക്ക്- തരിശു നെൽകൃഷിക്ക് സബ്സിഡി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് ശ്രീ. ബിജുമോൻ, പുന്നക്കുഴിയിൽ, അരിക്കുഴ എന്ന ഗുണഭോക്താവിനെ അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. ടിയാൾക്ക്

ആനുകൂല്യം നൽകുന്നതിന് തൊട്ടടുത്ത ഗ്രാമസഭയിൽ വച്ച് അംഗീകാരം വാങ്ങുന്നതിന് നിർവ്വഹണഉദ്യോഗസ്ഥനായ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയും തീരുമാനിച്ചിട്ടുണ്ട്. ടി ഗുണഭോക്താവിനെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താവിനെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥനും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. **ഞങ്ങളും കൃഷിയിലേക്ക്- നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (171/23), ഞങ്ങളും കൃഷിയിലേക്ക്-സംയോജിത കൃഷിയിടം(189/23) പദ്ധതികൾ**

171/23, 189/23 എന്നീ പദ്ധതികൾ പ്രകാരം ആനുകൂല്യം കൈപ്പറ്റിയവരിൽ ചുവടെ ചേർക്കുന്നവർ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

പദ്ധതി	ഗുണഭോക്താവ്
ഞങ്ങളും കൃഷിയിലേക്ക്- നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (171/23)	സെബാസ്റ്റ്യൻ എൻ. പി.
	ജോർജ് മാത്യു, കാരാമയിൽ
	സിനി ജോർജ്, തണ്ടേൽ പുത്തൻപുരയിൽ, പെരിയാമ്പ്ര
	ബാബു എം. ജെ., മൂഴിക്കച്ചാലിൽ
	രാധാമണിയമ്മ, കാവനാക്കുന്നേൽ
	ഇന്ദിര, തച്ചാമഠത്തിൽ
	രാജൻ ടി. എം., തൈക്കൂട്ടത്തിൽ
ഞങ്ങളും കൃഷിയിലേക്ക്- സംയോജിത കൃഷിയിടം(189/23)	ലിജോ ജോസ്
	ബേബി സെബാസ്റ്റ്യൻ, മേമന, അരിക്കുഴ പി. ഒ.
	സുഭാഷ്, പുലക്കുടിയിൽ, പുതുപ്പരിയാരം
	സെലിൻ ജോൺ, ചങ്ങൻചേരിയിൽ, അരിക്കുഴ പി. ഒ.
	ജോർജ് വർഗ്ഗീസ്, തെക്കേൽ, വഴിത്തല പി. ഒ.
	രാജു എം. സി., മണ്ണോലിക്കൽ, പുതുപ്പരിയാരം
	സജി കെ. എൻ., കരിവേലിൽ, വഴിത്തല പി. ഒ.
	റെൻസ് ഐപ്പ്, തരണിയിൽ, അരിക്കുഴ പി. ഒ.
	ആനീസ് ജോസ്, മണ്ണൂർ, വഴിത്തല പി. ഒ.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (**നം.13/26.08.2023)** നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കുന്നതിനായി 07.02.2023 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരം രേഖകൾ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥനും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിവിധ പദ്ധതികൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അർഹരായവരെല്ലാം ലിസ്റ്റിൽ ഉൾപ്പെടുന്നുണ്ടെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

1-20 ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല

പ്രോജക്റ്റ് നം/ പേര്	117/23/മുതിർന്ന പൌരൻമാർക്ക് ചൂടാറാപ്പെട്ടി വിതരണം
നിർവ്വഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ	വികസന ഫണ്ട്- പൊതുവിഭാഗം-58800 മറ്റുള്ളവ-11200 **ആകെ-70000**
ചെലവ്	വികസന ഫണ്ട്- പൊതുവിഭാഗം-41040 BRN 22100552018601531517-28/03/2023 ₹41040 മറ്റുള്ളവ-0 **ആകെ-41040**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മുതിർന്ന പൌരൻമാർക്ക് ചൂടാറാപ്പെട്ടി വിതരണം പദ്ധതി പ്രകാരം പരിഷത്ത് പ്രൊഡക്ഷൻ സെന്റർ, സമത, മുണ്ടൂർ എന്ന സ്ഥാപനത്തിന് 108 ചൂടാറാപ്പെട്ടികളുടെ വിലയായി സ്ഥാപനത്തിന്റെ ബിൽ പ്രകാരമുള്ള ₹41040/- വികസനഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം ഗുണഭോക്താക്കളിൽ നിന്ന് നൂറു രൂപ വീതം ഗുണഭോക്തൃവിഹിതം ഈടാക്കിയിരുന്നു. എന്നാൽ ഈ തുക ചെലവഴിച്ചിട്ടില്ല. ഗുണഭോക്തൃവിഹിതം ഒഴിവാക്കിയുള്ള തുകയായിരുന്നു വികസനഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടത്. പദ്ധതി സ്പിൽ ഓവറായി 2023-24 വർഷം നടപ്പാക്കുന്നുള്ളതിനാൽ ഗുണഭോക്തൃവിഹിതം ഇനത്തിൽ ഈടാക്കിയിട്ടുള്ള തുകയ്ക്ക് ശേഷമുള്ള തുക മാത്രം വികസനഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പതിനാലാം പദ്ധതി മാർഗരേഖ (സബ്സിഡി)യിൽ ഉൾപ്പെടാത്ത ഇനമായതിനാൽ ഈയിനത്തിലുള്ള ചെലവ് ₹41010/- തടസ്സപ്പെടുത്തുന്നു.

1-21 ജി.എസ്.ടി. ഈടാക്കാൻ അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി അനുവദിച്ചു

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടി അനുപൂരക പോഷകാഹാരപരിപാടി പദ്ധതി പ്രകാരം ജി.എസ്.ടി. ഈടാക്കാൻ അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി. അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം/ പേര്	24/23 അംഗൻവാടി അനുപൂരക പോഷകാഹാരപരിപാടി
നിർവ്വഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
അടങ്കൽ	**വികസന ഫണ്ട്- പൊതുവിഭാഗം-1200195** ധനകാര്യകമ്മീഷൻ അവാർഡ്-800000 കേന്ദ്രാവിഷ്കൃത ഫണ്ട്-500000 **ആകെ- ₹2500195/-**
ചെലവ്	**വികസന ഫണ്ട്- പൊതുവിഭാഗം-1200195** BRN No. 22100552018600153408-31/05/2022 ₹350000 22100552018600937166-21/12/2022 ₹774036 22100552018601261934-28/02/2023 ₹76159 **ധനകാര്യകമ്മീഷൻ അവാർഡ്-766279** വൌച്ചർ നം. 22200397/23.08.2022 ₹303122 22200525/13.10.2022 ₹43762 22201007/29.03.2023 ₹62775 22200995/22.03.2023₹131752 22200915/06.03.2023₹144780 22201008/29.03.2023 ₹80088 **കേന്ദ്രാവിഷ്കൃത ഫണ്ട്-₹217922** ചെക്ക് നം.166130/17.06.2022 ₹122554

	317106/30.03.2023 ₹95368 **ആകെ- ₹2184396/-**

CGST Act, 2017 ലെ വകുപ്പ് 10, SGST Act, 2017-ലെ വകുപ്പ് 10 എന്നിവ പ്രകാരം ജി.എസ്.ടി. കോമ്പോസിഷൻ ഓപ്റ്റ് ചെയ്തിട്ടുള്ള നികുതിദായകർ സാധനങ്ങളും സേവനങ്ങളും നൽകുമ്പോൾ ടാക്സ് ഇൻവോയ്സിന് പകരം ബിൽ ഓഫ് സപ്ലൈ ആണ് നൽകേണ്ടതെന്നും ജി.എസ്.ടി. ഇടാക്കുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അമൃതം ന്യൂട്രിമിക്സിന് 5 ശതമാനം ജി.എസ്.ടി. ഉൾപ്പടെ കിലോഗ്രാമിന് ₹73.50/- (₹70.00 + ₹3.50) ആണ് സർക്കാർ നിശ്ചയിച്ച വില. എന്നാൽ, ഗ്രാമപഞ്ചായത്തിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത കീർത്തി ന്യൂട്രിമിക്സ്- കുടുംബശ്രീ യൂണിറ്റ്, ഇരട്ടയാർ നോർത്ത് എന്ന സ്ഥാപനം Bill Of Supply ആണ് നൽകിയിട്ടുള്ളതെങ്കിലും 5 ശതമാനം ജി.എസ്.ടി. ഉൾപ്പെടെയാണ് തുക നൽകിയിരിക്കുന്നത്. ജി.എസ്.ടി. ഈടാക്കിയത് കാരണം ഈയിനത്തിൽ സ്ഥാപനത്തിന് അധികമായി തുക നൽകുവാൻ ഇടയായി. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

സ്ഥാപനം, ബാങ്ക് അക്കൗണ്ട് വിവരം	ബിൽ ഓഫ് സപ്ലൈ നമ്പർ/ തീയതി	വാങ്ങിയ അളവ് (കിലോഗ്രാം)	ആകെ ഈടാക്കിയ തുക @ ₹73.50/ കി.ഗ്രാം	ഈടാക്കാവുന്ന തുക @₹70/ കി .ഗ്രാം	അധികം നൽകിയ തുക (₹)
കീർത്തി ന്യൂട്രിമിക്സ്- കുടുംബശ്രീ യൂണിറ്റ്, ഇരട്ടയാർ നോർത്ത് (UBIN0535281) 520101028477959	210/10.02.22	1029	75632	72030	3602
	214/08.03.22	882	64827	61740	3087
	222/08.04.22	837	61520	58590	2930
	228/23.06.22	843	61961	59010	2951
	234/20.07.22	952	69972	66640	3332
	239/22.08.22	810	59535	56700	2835
	245/24.09.22	903	66371	63210	3161
	250/22.10.22	780	57330	54600	2730
	259/26.11.22	756	55566	52920	2646
	266/23.12.22	871.5	64055	61005	3050
	283/24.01.23	735	54023	51450	2573
	299/27.03.23	819	60196	57330	2866
Total			750988	715225	35763

ജി.എസ്.ടി.-ക്ക് അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി. ഇനത്തിൽ തുക നൽകിയത് മൂലം ₹35763/- സ്ഥാപനത്തിന് അധികമായി നൽകിയിട്ടുണ്ട്.

₹2,50,000/- യിൽ കൂടുതലുള്ള പർച്ചെയ്സ് ബില്ലുകളിൽ 2% ജി.എസ്.ടി., ടി.ഡി.എസ്. ഈടാക്കി ബാക്കി തുക മാത്രമേ സ്ഥാപനത്തിന് നൽകേണ്ടതുള്ളൂ. എന്നാൽ ടി.ഡി.എസ്. ഈടാക്കാതെ മുഴുവൻ തുകയും ന്യൂട്രിമിക്സ് യൂണിറ്റിന് കൈമാറുകയാണ് ചെയ്തിരിക്കുന്നത്. തുക കൈപ്പറ്റിയ സ്ഥാപനത്തിന് ടി.ഡി.എസ്. ഈടാക്കുന്നതിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള ഇളവ് അനുവദിച്ചതായി തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/26.08.2023) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ഇത്തരം സ്ഥാപനങ്ങൾക്ക് ജി.എസ്.ടി. ഈടാക്കുവാൻ അവകാശമില്ല എന്ന വിവരം അറിയില്ലായിരുന്നുവെന്നും തുടർവർഷങ്ങളിൽ തുക

നൽകുമ്പോൾ അപാകങ്ങൾ ആവർത്തിക്കില്ലെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിൽനിന്ന് ടി ഡി എസ് ഈടാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നതായും തുടർവർഷങ്ങളിൽ ടി ഡി എസ് ഈടാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-22 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പദ്ധതികളുടെ തുകകൾ വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

ക്രമ നം	പദ്ധതി വിവരം	ബിൽ നമ്പർ/ വൗച്ചർ നം	തുക (₹)
1	ഒന്നാം വാർഡിൽ കുരിശുപള്ളിക്ക് എതിർ വശം സ്ട്രീറ്റ് മെയിൻ വലിക്കൽ. പ്രോജക്ട് നം. 179/23	22100552016801541718/28.03.3023	35000/-
2	രണ്ടാം വാർഡിൽ പാച്ചൂർ കനാൽ റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ. പ്രോജക്ട് നം. 194/23. 275 മീറ്റർ നീളത്തിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ.	22100552016801541727/28.03.23	65000/-
3	മൂന്നാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ.പ്രോജക്ട് നം. 170/23. 170മീറ്റർ നീളത്തിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	22100552016801541743/28.03.2023	50000
4	ഒൻപതാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രോജക്ട് നം. 194/23. 100 മീറ്റർ നീളത്തിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	**22100552016801541762/28.03.2023**	50000/-
5	എട്ടാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ.പ്രോജക്ട് നം. 168/23. 287മീറ്റർ നീളത്തിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	**22100552016801541671/28.03.2023**	70000/-
6	ചള്ളുമണ്ണ് -ആൽപ്പാറ റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ. പ്രോജക്ട് നം. 263/23.287 മീറ്റർ നീളത്തിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	**22100552016801541659/28.03.2023**	24000/-
		ആകെ	294000/-

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 6 പദ്ധതികളിലുമായുള്ള ആകെ ₹294000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - രേഖകൾ ഹാജരാക്കിയില്ല

സർക്കാർ ഉത്തരവ് നം. 1346/2022/LSGD/31.5.22 പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വൗച്ചർ നം. 22200193/15.6.22 പ്രകാരം 130000/- പിൻവലിച്ച് മെഡിക്കൽ ഓഫീസർ മുഖേന വാർഡ് മെമ്പർമാർക്ക് നൽകിയതായി കാണുന്നു. പ്രസ്തുത തുകയുടെ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല. ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും അവയുടെ ചെലവ് രേഖകൾ തയ്യാറാക്കുന്നതിനും ചുമതലപ്പെട്ട പി.എച്ച്.സി.യിലെ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരും (ഹെൽത്ത് ഇൻസ്പെക്ടർമാർ) കണക്കുകൾ ക്രോഡീകരിക്കുന്നതിന് ചുമതലപ്പെട്ട ക്ലറിക്കൽ വിഭാഗം ഉദ്യോഗസ്ഥരും ഈ വീഴ്ചയ്ക്ക് ഉത്തരവാദികളാണ്. ഈ ഇനത്തിന് ശുചിത്വ മിഷൻ, ഹെൽത്ത് മിഷൻ എന്നീ ഗ്രാന്റുകൾ ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും, ശുചിത്വ മിഷനിൽനിന്നും തുക റീ ഇംബേഴ്സ് ചെയ്ത് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കേണ്ടതാണ്. ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹130000/- ചെലവ് തടസപ്പെടുത്തുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പദ്ധതികൾ

വിഹിതം നൽകിയ സ്ഥാപനം	തൻവർഷം ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ് (₹)
ജില്ലാ പഞ്ചായത്ത്	2191000	ലൈഫ് മിഷൻ ഭവനനിർമ്മാണം എസ് സി പി (79/23)	2191000	0
	581300	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (106/23)	581300	0
	30000	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസ്കോളർഷിപ്പ് (91/23)	30000	0
	117500	ഭിന്നശേഷിക്കുട്ടികൾക്ക് സ്കോളർഷിപ്പ് (119/23)	117500	0
	400000	സുവർണ്ണ ഭവനം പദ്ധതി (265/23)	400000	0
തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്	379760	ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) 79/23)	379760	0
	323430	ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് (119/23)	323430	0
	150000	ഞങ്ങളും കൃഷിയിലേയ്ക്ക് - നെൽകൃഷിക്ക് കൂലിചെലവിന് സബ്സിഡി (171/23)	150000	0
	21137	ജവഹർ ഭവന പദ്ധതി പലിശ തിരിച്ചടവ് (204/23)	21137	0

4-2 നിക്ഷേപ പ്രവൃത്തികൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ	മുൻകൂർ നല്കിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള വാട്ടർ അതോറിറ്റി	പുലിക്കുന്ന് വാട്ടർ ടാങ്കിലേയ്ക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ (200/23)	XVFC/2022-23/P-26/31.1.23	341550	0	341550
	താമല വാട്ടർ സപ്ലൈ പമ്പിംഗ് ലൈൻ സ്ഥാപിക്കൽ (260/23)	XVFC/2022-23/P-43/15.3.23	255000	0	255000
കേരള ഇലക്ട്രിസിറ്റി ബോർഡ്	മൃഗാശുപത്രി കെട്ടിടത്തിന്റെ മുകൾഹാൾ വൈദ്യുതീകരണം (105/23)	22100552016801009 7641/27.1.23	100000	0	100000
	പച്ചൂർ അംഗൻവാടിക്ക് മുകളിലുള്ള ഹാൾ വൈദ്യുതീകരണം (145/23)	22100552016800931677/20.12.22 – 30000/- 22200809/24.12.22 – 3500/-	33500	0	33500
	8-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (168/23)	22100552016801541671/28.3.23	70000	0	70000
	3-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (170/23)	22100552016801541743/28.3.23	50000	0	50000
	1-ാം വാർഡിൽ കുരിശുപള്ളിക്ക്	22100552016801541718/28.3.23	35000	0	35000

	എതിർവശം സ്ട്രീറ്റ് മെയിൻ വലിക്കൽ (179/23)				
	9-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (186/23)	2210055201680l541762/28.3.23	50000	0	50000
	2-ാം വാർഡിൽ പച്ചൂർ കനാൽ റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (194/23)	22100552016801541727/28.3.23	65000	0	65000
	ചള്ളുമണ്ണ് ആൽപാറ റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (263/23)	22100552016801541659/28.3.23	24000	0	24000

4-3 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്	ഉത്തരവ് നം.	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി തുക ₹	തൻവർഷ വായ്പ തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക ₹
				മുതൽ	പലിശ	
ജവഹർ ഭവന പദ്ധതി – മുതൽ തിരിച്ചടവ്	സ.ഉ.നം 1577/2018, തീ.27/05/2015	2000000	0	939115	-	1060885
ലൈഫ് ഭവന പദ്ധതി	ജി.ഒ(എം.എസ്) 68/18, എൽ.എസ്.ജി.ഡി തീ.18.05.2018	5792000	2238983	0	0	8030983

4-5 സ്ഥിര നിക്ഷേപം

- ഇല്ല –

4-6 ഓഡിറ്റ് റിക്കവറി

- ഇല്ല –

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2006-07	3-11	2011-12	2-4	ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം – ₹18,334/-	ലഭ്യമാക്കിയില്ല
2012-13	2-4	ലഘു അവലോകന റിപ്പോർട്ടുകൾ	2-4 (11 മുതൽ 25 വരെ) പേജ് നം. 18, 19)	ലഘു അവലോകനം ഫ്രണ്ട് ഓഫീസ് സംവിധാനം	-ടി-

4-8 ചാർജ്ജ്/സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല –

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം	റിപ്പോർട്ട് വർഷം	ഖണ്ഡിക നം	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ്	ചാർജ്ജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി)	സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി)	കോടതി വ്യവഹാരങ്ങൾ		ആകെ ലഭ്യമായ തുക ₹	അവശേഷിക്കുന്ന തുക/ ബാദ്ധ്യത	റിമാർക്ക്
				നമ്പരും തീയതിയും	തുക ₹				ഉൾപ്പെട്ട തുക	ഈടാക്കിയ തുക			
1	2	3	4	5	6	7	8	9	10	11	12	13	14
1	1996-97	1, 2, 3	എം.എൻ. അബ്ദുൾ റഹീം ജൂനിയർ സൂപ്രണ്ട്	LF-22612/ Spl. Cell/ SC2/ 2000/ 22.11.01	799	₹799/- 82/61390/ 29.03.2000 40/7740/ 27.03.2002 79/49988/ 21.08.2005		-	-	-	799	ഇല്ല	-
2	1996-97	2 (Part) & 4	എം.എൻ. അബ്ദുൾ റഹീം ജൂനിയർ സൂപ്രണ്ട്	LF-22612/ Spl. Cell/ SC2/ 2000/ -.11.01	673	₹673/- 40/7740/ 27.03.2002/ 7/61403/ 01.09.2000 41/7740/ 27.03.2002 69/61381/ 15.01.2000		-	-	-	673	ഇല്ല	-
3	2000-01	27	വി. എ. ജോസഫ് ജൂനിയർ സൂപ്രണ്ട്	LF-20350/ 04 Dt:08.06.05	1329	₹1329/- 93/4142 06.06.2005		-	-	-	1329	ഇല്ല	-

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ്	₹15167651.60
ഓഡിറ്റ് വർഷത്തെ വരവ്	₹29502422.00
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹44670073.60
ഓഡിറ്റ് വർഷത്തെ ചെലവ്	₹25418685.00
ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ്	₹19251388.60
(കുറിപ്പ് :- പഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്)	
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹1195080

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തടസ്സപ്പെടുത്തിയ തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-15	133500	ശ്രീമതി. സുശീല കെ. എൻ., സെക്രട്ടറി
1-16	596540	ശ്രീമതി. സുശീല കെ. എൻ., സെക്രട്ടറി
1-20	41040	ശ്രീമതി. സിനു ജോൺ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ
1-22	294000	ശ്രീമതി. സുശീല കെ. എൻ., സെക്രട്ടറി
1-23	130000	ശ്രീമതി. സുശീല കെ. എൻ., സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി സുശീല കെ. എൻ., സെക്രട്ടറി	സെക്രട്ടറി, പുറപ്പുഴ ഗ്രാമപഞ്ചായത്ത്	ശ്രീലകം, കരിങ്കുന്നം പി. ഒ., മറ്റത്തിപ്പാറ – 686651
ശ്രീമതി. സിനു ജോൺ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മണക്കാട് ഗ്രാമപഞ്ചായത്ത്	തോമാശ്ശേരിൽ, അന്തിനാട്, പാല, പിൻ-686651

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	ഖണ്ഡിക നമ്പർ
2006-2007	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2006-07 തീ.02.09.22	2	3-3, 3-11
2007-08	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2007-08 തീ.02.09.22	2	2-2, 3-10
2008-09	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2008-09 തീ.02.09.22	1	3-2
2009-10	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2009-10 തീ.02.09.22	4	3-3, 3-10, 3-11, 3-12
2010-11	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2010-11 തീ.02.09.22	1	3-2
2011-2012	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2011-12 തീ.02.09.22	1	3-10
2016-17	കെ. എസ്.എ-ഐ.ഡി.കെ-7/1308/17 തീ.12.01.2018	2	2-4, 3-1
2012-13&13-14	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2012-13&13-14-08 തീ.02.09.22	1	2-2
2014-15	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2014-15 തീ.02.09.22	1	2-1
2015-16	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 20015-16 തീ.02.09.22	5	2-1, 2-3, 3-1, 3-4, 3-5

2016-17	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2016-17 തീ.02.09.22	5	2-4, 3-1, 3-2, 3-3, 3-7
2017-18	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2017-18 തീ.02.09.22	1	3-2
2018-19	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2018-19 തീ.02.09.22	4	1-14, 1-16, 1-17, 2-1
2019-20	കെ.എസ്.എ.ഐ.ഡി.കെ-11/309/2022 തീ. 22.04.22	5	1-14, 1-17, 1-18, 1-19, 1-20
2020-21	കെ.എസ്.എ.ഐ.ഡി.കെ-11/289/2022 തീ. 27.04.22	8	1-10, 1-15, 1-16, 1-17, 1-18(1, 3), 1-19, 1-20, 4-8
2021-22	കെ.എസ്.എ.ഐ.ഡി.കെ.പി.6-351/2023	16	1-1 മുതൽ 1-16 വരെ

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 30-06-2023 and submitted on 04-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Manakkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Manakkad Grama Panchayat for the year 2022-2023

Date: 02/11/2023 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Manakkad Grama Panchayat for the Year 2022-2023.

1.Major Observations

1. All mandatory financial statements prescribed in accounting rules are not submitted for audit.

2. Non-disclosure of assets. Asset register is not comprehensive and uptodate.

2.Other Observations

1. Directly credited to bank account. Amount not taken into accounts.
2. Registers, viz., Deposit Register, Advance Register, Stock Register etc. are not maintained and or does not match with accounts and not reliable for audit.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്